**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4239** **09-08-2021 - ൽ മറുപടിയ്ക്ക്**

**ശ്രീമതി വീണ വർഗ്ഗീസിന്റെ എൽ.പി.എസ്.ടി നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട ഉറവൂർ സെന്റ് അഗസ്റ്റിൻസ് യു.പി. സ്കൂളിൽ എൽ.പി.എസ്.ടി. ആയി നിയമിച്ച ശ്രീമതി വീണ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് അങ്കമാലി എ.ഇ.ഒയുടെ 22.02.2020-ലെ സി/8350/2019 നമ്പർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | 51 A അവകാശികളായ ശ്രീമതി റിമി ജേക്കബ്, ശ്രീമതി.പ്രിൻസി കെ.ആർ, എന്നിവരുടെ യു.പി.എസ്.ടി നിയമനവും 51 B അവകാശിയായ ശ്രീമതി. സോനാ ഡേവിസിന്റെ എച്ച്.എസ്.ടി നിയമനവും അംഗീകരിക്കാത്തതിലാണ് ശ്രീമതി. വീണ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കാത്തതിന് കാരണം. അങ്കമാലി ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ 22.02.2020 തീയതിയിലെ നമ്പർ സി/8350/2019 നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ നിയമന അംഗീകാരം ലഭിക്കുന്നതിന് ശ്രീമതി വീണ വർഗ്ഗീസ് സർക്കാർ സംഘടിപ്പിച്ച അദാലത്തിൽ അപ്പീൽ അപേക്ഷ നൽകിയിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയുടെ പകർപ്പും അതിന് ഉപ വിദ്യാഭ്യാസ ഓഫീസർ നൽകിയ മറുപടിയുടെ പകർപ്പും ലഭ്യമാക്കാമോ; | (ബി) | ഉപജില്ല വിദ്യാഭ്യാസ ആഫീസർ അദാലത്തിൽ നൽകിയ മറുപടിയുടെ പകർപ്പ് അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത വിഷയത്തിൽ ശ്രീമതി വീണ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കാത്തതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ചൂണ്ടിക്കാണിച്ച കാരണങ്ങൾ ബാധകമായ മറ്റുള്ളവരുടെ കാര്യത്തിൽ അങ്കമാലി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ 21.04.2021 -ലെ ബി2/12779/2019, 20.04.2021-ലെ സി.8868/2021, സി.7993/2021 എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം പരിഹരിച്ചിരിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | മേൽ ഉത്തരവുകളുടെ പകർപ്പ് അങ്കമാലി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മറുപടിക്കൊപ്പം ഹാജരാക്കിയത് അനുബന്ധം-III (i), (ii) & (iii) ആയി ചേർത്തിരിക്കുന്നു. |
| (ഡി) | ശ്രീമതി വീണാ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കുന്നതിന് തടസ്സമായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച കാര്യം പരിഹരിച്ച സ്ഥിതിക്ക് അദാലത്തിൽ ശ്രീമതി വീണ വർഗ്ഗീസ് | (ഡി) | ശ്രീമതി. വീണ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കുന്നതിന് കാരണമായ സീനിയർ അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ചതായി അങ്കമാലി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | നൽകിയ അപ്പീൽ അപേക്ഷ പരിഗണിച്ച് നിയമന അംഗീകാരം നൽകുന്നതിനുള്ള നിർദ്ദേശം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകുമോ; വിശദാംശം ലഭ്യമാക്കാമോ; | | ചെയ്തിട്ടുണ്ട്. ആയതിനാൽ ശ്രീമതി. വീണ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കാവുന്നതാണ്. |
| (ഇ) | ശ്രീമതി വീണ വർഗ്ഗീസിന്റെ എൽ.പി.എസ്.ടി. ആയിട്ടുള്ള നിയമനം അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് വേഗത്തിൽ തീർപ്പാക്കാൻ അടിയന്തര നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | ശ്രീമതി. വീണ വർഗ്ഗീസിന്റെ നിയമനം അംഗീകരിക്കുന്നതിനു നിർദ്ദേശം അങ്കമാലി ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ